**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 989

28.04.2017- ൽ
മറുപടിയ്ക്ക്

## മുക്കം കക്കാട് വില്ലേജിലെ വാസയോഗ്യമല്ലാത്ത പട്ടയ ഭൂമി

| ചോദ്യം<br>ശ്രീ.വി.കെ.സി.മമ്മത് കോയ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോഴിക്കോട് ജില്ലയിലെ മുക്കം കക്കാട് വില്ലേജിൽ 108 കുടുംബങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടയം നൽകിയ ഭൂമി ഒരു തരത്തിലും വാസയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കക്കാട് വില്ലേജിൽ പട്ടയം നൽകിയ ഭൂമി ഒരു തരത്തിലും സ്ഥലം വാസയോഗ്യമല്ല എന്നാരോപിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. കക്ഷികൾക്ക് ഭൂമി ഏൽപ്പിച്ചുകൊടുക്കുന്നതിനായി വില്ലേജ് ഓഫീസിൽ വച്ച് യോഗം ചേർന്നതിൽ ഒരാൾ ഒഴികെ മറ്റാരും തന്നെ ഭൂമി ഏറ്റെടുക്കുവാൻ തയ്യാറായില്ല. കക്കാട് മലയോര വില്ലേജ് ആണ്. ഇവിടെ സ്ഥലം ലഭിച്ച ഗുണഭോക്താക്കളിൽ പലരും ജില്ലയിലെ കോർപ്പറേഷൻ പരിധിയിലടക്കം സൌകര്യമുള്ള സ്ഥലത്ത് വാടകയ്ക്കോ ബന്ധുവീടുകളിലോ താമസിക്കുന്നവരായതിനാലും ഇവിടെ താമസിച്ച് അവർ ഇപ്പോൾ ചെയ്യുന്ന ജോലി ചെയ്ത് കുടുംബം പുലർത്തുവാൻ ബുദ്ധിമുട്ടാണെന്നും അറിയിച്ചിരുന്നു. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പ് മന്ത്രി നടത്തിയ പട്ടയമേളയിൽ വച്ച്, പട്ടയം ലഭിച്ചവർ പ്രസ്തുത പട്ടയം വില്ലേജ് ഓഫീസർക്ക് തിരികെ നൽകിയത് സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ലഭിച്ച ഭൂമി വാസയോഗ്യമല്ലെന്ന കാരണത്താലും മറ്റു വിവിധ കാരണങ്ങളാലും കോഴിക്കോട്, കൊയിലാണ്ടി എന്നീ താലൂക്കുകളിൽ പട്ടയം ലഭിച്ചവരിൽ ചിലർ പ്രസ്തുത പട്ടയം തിരികെ സമർപ്പിച്ചിട്ടുണ്ട് |
| (സി) വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ച് വഞ്ചിതരായ ഇവർക്ക് പകരം ഭൂമി നൽകി പട്ടയം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | വാസയോഗ്യമല്ലാത്ത ഭൂമി ലഭിച്ചവർക്കായി പകരം ഭൂമി കണ്ടെത്തേണ്ടതുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാറ്റിക്കൊടുക്കുന്നതിനുള്ള അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ